**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3423** **01-03-2023 - ൽ മറുപടിയ്ക്ക്**

**പുരാവസ്തുക്കളുടെയും പുരാരേഖകളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | ചരിത്ര വസ്തുതകളെയും യാഥാർത്ഥ്യങ്ങളെയും വളച്ചൊടിക്കാനുള്ള സംഘടിത ശ്രമങ്ങളുടെ ഭാഗമായി ചില നിക്ഷിപ്ത താല്പര്യക്കാരുടെ ഭാഗത്തുനിന്നും നിരന്തരം ഉണ്ടാകുന്ന സമീപകാല സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ചരിത്ര വസ്തുതകളെയും യാഥാർത്ഥ്യങ്ങളെയും വളച്ചൊടിക്കാനുള്ള സംഘടിത ശ്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നമ്മുടെ കൈവശമുള്ള ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ ശരിയായ ചരിത്രം ജനങ്ങളിലേക്ക് എത്തിക്കുവാനാണ് പുരാവസ്തു, പുരാരേഖ വകുപ്പുകൾ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി സർക്കാരിന്റെ ശേഖരത്തിലുള്ള ചരിത്രരേഖകൾ പ്രസിദ്ധപ്പെടുത്തുവാനും, രാജ്യത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തെ കുറിച്ചും മറ്റ് ചരിത്രപരമായ സംഭവങ്ങളെ കുറിച്ചുമുള്ള രേഖകൾ അടിസ്ഥാനമാക്കിയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനും നടപടി സ്വീകരിച്ചു വരുന്നു. കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നതിന് സ്കൂൾ തലത്തിൽ ഹെറിറ്റേജ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, ചരിത്രാവലംബിയായ സെമിനാറുകൾ, വർക് ഷോപ്പുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. മ്യൂസിയങ്ങളിലേക്കും ചരിത്ര സ്മാരകങ്ങളിലേക്കും പഠനയാത്രകൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് ശ്രമിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും സമിതി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തി പുരാവസ്തുവകുപ്പുമായി ബന്ധപ്പെട്ട ഉദ്ഘനനം, ഘടനാ സംരക്ഷണം, മ്യൂസിയങ്ങൾ ഭരണ സംവിധാനം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (സി) | കേരളീയ പൈതൃകമൂല്യങ്ങളുടെ ശേഖരമായ പുരാരേഖകളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പുരാരേഖാ വകുപ്പിനു കീഴിൽ പുരാരേഖാ വകുപ്പ് ഡയറക്ടറേറ്റിലെ രേഖാ ശേഖരത്തിൽ ഉൾപ്പെട്ടിട്ടുള്ള സർവ്വേ രേഖകൾ, പേപ്പർ രേഖകൾ, തിരുവനന്തപുരം സെൻട്രൽ ആർകൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഹൈക്കോടതി രേഖകൾ, എറണാകുളം, കോഴിക്കോട് റീജിയണൽ ആർകൈവ്സു കളിലെ വിവിധ ചരിത്ര രേഖകൾ, ക്യാബിനറ്റ് രേഖകൾ തുടങ്ങിയവയുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ സി-ഡിറ്റ് മുഖേന നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള അപൂർവ്വമായ താളിയോല രേഖകളുടെ സംരക്ഷണ പ്രക്രിയകളും അവ മ്യൂസിയം സജ്ജീകരിച്ച് പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ചരിത്രപാഠങ്ങളെ ശാസ്ത്രീയമായി സ്വാംശീകരിച്ചുകൊണ്ട് മാനവികതയിൽ ഊന്നിയ പുതിയ തലമുറയുടെ സൃഷ്ടിക്ക് വേണ്ടി സംസ്ഥാന പുരാവസ്തു, പുരാരേഖാ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പുരാവസ്തു വകുപ്പിൽ ശാസ്ത്രീയമായ ഉത്ഖനനം, പര്യവേക്ഷണം എന്നിവ വഴി ചരിത്ര ഉപാദാനങ്ങളായ അമൂല്യങ്ങളായ പുരാവസ്തുക്കൾ കണ്ടെത്തുകയും അവയെക്കുറിച്ച് പഠനം നടത്തുകയും അവ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഇവയുടെ വിശദാംശങ്ങൾ വിദ്യാർത്ഥികൾ, ഗവേഷകർ, പൊതുജനങ്ങൾ എന്നിവർക്ക് ആവശ്യാനുസരണം ലഭ്യമാക്കി വരികയും ചെയ്യുന്നുണ്ട്. ഇപ്രകാരമുള്ള പുരാവസ്തുക്കൾ പുരാവസ്തു മ്യൂസിയങ്ങളിൽ സജ്ജീകരിച്ച് പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ, ഉത്ഖനന പര്യവേക്ഷണ റിപ്പോർട്ടുകൾ, പുരാലിഖിതങ്ങൾ,നാണയപഠന റിപ്പോർട്ടുകൾ, സംരക്ഷിത സ്മാരകങ്ങളുടെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങളും ശാസ്ത്രീയമായി തയ്യാറാക്കി പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികളിലും, പൊതുജനങ്ങളിലും ചരിത്രപരവും പൗരാണികവുമായ വിഷയങ്ങളിൽ ശാസ്ത്രീയ അഭിരുചി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി എക്സിബിഷനുകൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയും സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>പുരാരേഖാവകുപ്പിൽ സൂക്ഷിച്ചിട്ടുള്ള ചരിത്ര രേഖകളെക്കുറിച്ചും അവയുടെ ശാസ്ത്രീയമായ സംരക്ഷണത്തെകുറിച്ചും, നമ്മുടെ പൈതൃകത്തെകുറിച്ചും പൊതു ജനങ്ങൾ, വിദ്യാർത്ഥികൾ, ചരിത്രകാരൻമാർ എന്നിവർക്ക് അറിവ് ലഭിക്കുന്നതിന് വേണ്ടി ഓരോ വർഷവും ചരിത്ര ക്വിസ്, ചരിത്ര രേഖാ പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ ഹെറിറ്റേജ് അവാർഡുകൾ മുതലായവ സംഘടിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ പ്രവാസികൾക്ക് നാടിന്റെ സംസ്കാരത്തെ കുറിച്ച് കൂടുതൽ അറിവ് പകരുന്നതിന് വിവിധ സംസ്ഥാനങ്ങളിൽ ചരിത്ര പൈതൃകോത്സവങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ